# ക്രിസ്തുയേശുവിലുള്ള ഭാവം

## ഫിലിപ്പിയർ 2:3

"ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠൻ എന്ന് എണ്ണിക്കൊൾവിൻ."

ജീവിതത്തിന്റെ ഏതു മേഖലയിലേക്ക് കടന്നുചെന്നാലും വളരെ മത്സരബുദ്ധിയോടെ പെരുമാറുന്ന ഒരുപറ്റം ആളുകളുടെ ഇടയിലാണ് ഇന്നു നാം ജീവിക്കുന്നത്. ഏതു മാർഗ്ഗത്തിൽ കൂടിയായാലും വിജയം തനിക്കുതന്നെ ആവണം എന്നു ചിന്തിക്കുന്നവരാണ് കൂടുതൽ പേരും. അതിനാൽ മറ്റുള്ളവരുടെ കഴിവിനെ അംഗീകരിക്കുവാനും, ഐക്യതയിൽ കഴിയുവാനും ഇന്നു പലർക്കും സാധിക്കുന്നില്ല. സഹജീവികളോട് വിനയത്തോടെ പെരുമാറിയാൽ മാത്രമേ സമൂഹത്തിൽ ഐക്യം ഉണ്ടാവുകയുള്ളു.

ദൈവമക്കളാകുന്ന നാം ഓരോരുത്തരും നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന കർത്തവ്യങ്ങൾ സന്തോഷത്തോടെ ചെയ്യണം. സമൂഹത്തോടാകട്ടെ, കുടുംബത്തോടാകട്ടെ അത് താല്പര്യത്തോടെ ചെയ്യുമ്പോൾ അവിടെ ഒരു ദുരഭിമാനത്തിന്റെയോ ശാഠ്യത്തിന്റെയോ അവസ്ഥ കടന്നുവരില്ല. മറ്റുള്ളവരുടെ നന്മകൂടി പരിഗണിച്ചാവണം നമ്മുടെ ഓരോ പ്രവൃത്തിയും നാം ചെയ്യേണ്ടത്. നമ്മോട് മറ്റുള്ളവർ എപ്രകാരം വിനയത്തോടെ പെരുമാറണമെന്ന് നാം ആഗ്രഹിക്കുന്നുവോ അപ്രകാരം നാമും അവരോട് തിരിച്ച് ചെയ്യണം. അങ്ങനെ ഓരോ വ്യക്തിയും ചിന്തിക്കുകയും പെരുമാറുകയും ചെയ്യുന്നുവെങ്കിൽ ഇന്ന് ലോകത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന പല പ്രശ്നങ്ങൾക്കും പരിഹാരം കാണുവാൻ കഴിയും. "സഹോദരപ്രീതിയിൽ സ്ഥായിപൂണ്ടു ബഹുമാനിക്കുന്നതിൽ അന്യോന്യം മുന്നിട്ടു കൊൾവിൻ." (റോമർ 12:10) എന്ന വാക്യം നാം നിത്യജീവിതത്തിൽ പ്രാവൃത്തികമാക്കേണ്ടതാണ്. വക്രതയും കോട്ടവുമുള്ള തലമുറയുടെ മദ്ധ്യത്തിൽ ആയിരിക്കുമ്പോഴും നാം ദൈവത്തിന്റെ നിഷ്കളങ്കമക്കൾ ആകേണ്ടതിനു ഏതു കാര്യവും പിറുപിറുപ്പും, വാദവും കൂടാതെ ചെയ്യാനാണ് അപ്പൊസ്തലൻ ആഹ്വാനം ചെയ്യുന്നത്.

ചുങ്കക്കാരന്റെയും, പരീശന്റെയും ഉപമയിൽകൂടി കർത്താവ് നമ്മെ പഠിപ്പിക്കുന്നത് താഴ്മയുടെ പാഠമാണ്. "തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും, തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും" (ലൂക്കോസ് 18:14) എന്നാണല്ലോ വചനത്തിൽ നാം കാണുന്നത്. അതിനാൽ നമ്മിൽ ഐക്യമത്യം ഉള്ളവരായി വലിപ്പം ഭാവിക്കാതെ നമ്മെക്കാൾ താണവരെയും, ദരിദ്രരെയും ചേർത്തുകൊൾവാൻ നമുക്ക്

കഴിയണം. “നാശത്തിനും മുമ്പെ ഗർവ്വം, വിഴ്ചയ്ക്കു മുമ്പെ ഉന്നതഭാവം” (സദൃ 16:18) എന്നത് ജ്ഞാനിയായ ശലോമോന്റെ വാക്കുകളാണ്. തന്റെ സങ്കീർത്തനത്തിലൂടെ ദാവീദും നമ്മോടു പറയുന്നു, നമ്മുടെ കർത്താവ് താഴ്മയുള്ളവരെ കടാക്ഷിക്കുന്ന ദൈവമാണെന്ന്. “യഹോവ ഉന്നതനെങ്കിലും താഴ്മയുള്ളവനെ കടാക്ഷിക്കുന്നു. ഗർവ്വിയെയോ അവൻ ദൂരത്തുനിന്ന് അറിയുന്നു” (സങ്കീ. 138:6).

ക്രിസ്തുയേശുവിലുള്ള ഭാവം നമ്മിൽ ആയിക്കഴിയുമ്പോൾ മറ്റുള്ളവരെ സ്നേഹിപ്പാനും, താഴ്മയോടെ പെരുമാറുവാനും, നമ്മെക്കാൾ ശ്രേഷ്ഠരായി മറ്റുള്ളവരെ കാണുവാനും കഴിയും. ആ ഭാവം നമ്മിൽ ആകുവാൻ നമുക്ക് കർത്താവിനോട് പ്രാർത്ഥിക്കാം.

പരാമർശം :

കൊലൊസ്സ്യർ 3:12,13,14

അതുകൊണ്ടു ദൈവത്തിന്റെ വൃതന്മാരും വിശുദ്ധന്മാരും പ്രിയരുമായി മനസ്സലിവു, ദയ, താഴ്മ, സൌമ്യത, ദീർഘക്ഷമ എന്നിവ ധരിച്ചുകൊണ്ടു അന്യോന്യം പൊറുക്കയും ഒരുവനോടു ഒരുവന്നു വഴക്കുണ്ടായാൽ തമ്മിൽ ക്ഷമിക്കയും ചെയ്‌വിൻ. എല്ലാറ്റിന്നും മീതെ സമ്പൂർണ്ണതയുടെ ബന്ധമായ സ്നേഹം ധരിപ്പിൻ.

സിസ്റ്റർ ലീന ഈപ്പൻ കല്ലൂപ്പാറ 006